2008, ഖുത്ബ നമ്പര്‍- 50

بسم الله الرحمن الرحيم

12.12.2008
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# ഖലീഫത്തുല്‍ മസീഹിന്റെ ദക്ഷിണേന്ത്യന്‍ പര്യടനം

**ക**ഴിഞ്ഞ രണ്ട് ഖുത്ബകള്‍ ഞാന്‍ ഇന്ത്യയിലാണ് നിര്‍വ്വഹിച്ചത്. ഒന്ന് ഇന്ത്യയുടെ തെക്കന്‍ ഭാഗത്തുള്ള കേരള സംസ്ഥാനത്തിലെ കോഴിക്കോട്; രണ്ടാമത്തേത് ഡല്‍ഹിയിലും. പിന്നീട് അവസ്ഥകള്‍ നന്നല്ലാത്ത കാരണത്താല്‍ പര്യടനം ചുരുക്കി തിരിച്ചുപോന്നത് നിങ്ങള്‍ക്കറിയാം. പൊതുവെ, ഞാന്‍ പര്യടനം കഴിഞ്ഞ് തിരിച്ചെത്തുമ്പോള്‍ പര്യടനത്തിന്റെ അവസ്ഥാവിശേഷങ്ങള്‍ വിവരിക്കാറുണ്ട്. ഈ സംഭവങ്ങള്‍ കേള്‍ക്കുന്നത് ലോകത്തുള്ള സകല അഹ്മദികള്‍ക്കും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പര്യടനം നടത്തുന്ന രാജ്യങ്ങളിലെ ആളുകള്‍ക്കും തങ്ങളെക്കുറിച്ചും എന്തെങ്കിലും ഞാന്‍ പറയണമെന്ന് ആഗ്രഹമുണ്ടാകുന്നു.

കോഴിക്കോട് ഞാന്‍ ചെയ്ത ഖുത്ബയില്‍ ആ നാടിന്റെ പ്രാധാന്യത്തെക്കുറിച്ച് മതപരമായ ചരിത്രത്തിന്റെ അടിസ്ഥാനത്തില്‍ ഹ്രസ്വമായി പറഞ്ഞിരുന്നു; അവരോട് അവരുടെ ഉത്തരവാദിത്തങ്ങളെക്കുറച്ചും പറഞ്ഞിരുന്നു. അവരുടെ ആത്മാര്‍ത്ഥതയെക്കുറച്ചും വിശ്വാസ്യതയെക്കുറിച്ചും പരാമര്‍ശിച്ചിരുന്നു. പക്ഷേ, എന്റെ പര്യടനത്തിന്റെ അടിസ്ഥാനത്തില്‍ കുറച്ചു കാര്യങ്ങള്‍ കൂടി പറയുന്നതാണ്.

കേരളത്തില്‍ പോകുന്നതിനു മുമ്പേ ഞങ്ങള്‍ ചെന്നൈയില്‍- ആദ്യം മദ്രാസ് എന്നാണ് ഇതറിയപ്പെട്ടിരുന്നത്- തങ്ങിയിരുന്നു. കുറച്ചു മണിക്കൂറുകള്‍ മാത്രമേ അവിടെയുണ്ടായിരുന്നുവെങ്കിലും ലജ്നയുടെ നല്ല ഒരു പരിപാടി ഹ്രസ്വമായി നടക്കുകയുണ്ടായി. അവരുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ചുരുങ്ങിയ നിലയില്‍ അവരോട് പറഞ്ഞു. മൗണ്ട് തോമസ് എന്ന സ്ഥലത്ത് നിര്‍മ്മിച്ച നമ്മുടെ പള്ളിയും ഉദ്ഘാടനം ചെയ്തു. ഇതൊരു ചെറിയ ജമാഅത്താണ്. എന്നാല്‍, അത്ര ചെറുതുമല്ല. നൂറുക്കണക്കിന് ആളുകളുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ആത്മാര്‍ത്ഥതയിലും വിശ്വാസ്യതയിലും വളരെ വളര്‍ന്ന ജമാഅത്താണ്. എം.ടി.എയുടെ അനുഗ്രഹം അല്ലാഹു നമുക്ക് നല്കിയിരിക്കുന്നു. അത് ജമാഅത്തുകളില്‍ ഒരു ഐക്യവും ഖിലാഫത്തുമായിട്ടുള്ള ബന്ധവും കുത്തിത്തിരുകി നിറച്ചിട്ടുണ്ട്. ഈ പ്രദേശം ഖാദിയാനില്‍നിന്ന് ഏകദേശം രണ്ടായിരം കിലോമീറ്റര്‍ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഖാദിയാനില്‍ ഒരിക്കലും പോയിട്ടില്ലാത്ത ധാരാളം അഹ്മദികള്‍ അവിടെയുണ്ടാകും. അവരുടെയെല്ലാവരുടേയും കണ്ണുകളില്‍ ഖിലാഫത്തിനോടുള്ള കൂറും അച്ചടക്കവും ജമാഅത്തിലായതിന്റെ അഭിമാന പ്രകടനവും ജമാഅത്തുമായിട്ടുള്ള ബന്ധവും വളരെയധികം കാണാമായിരുന്നു. അതിനൊരു കാരണം ഇവിടെ കഴിഞ്ഞുകടന്നുപോയ ധാരാളം മഹാത്മാക്കളുടെ ശിക്ഷണമാണ്. രണ്ടാമത്തേത് ഞാന്‍ പറഞ്ഞതുപോലെ എം. ടി.എയുടെ സ്വാധീനമാണ്. പദ്യങ്ങള്‍ ചൊല്ലുന്ന ശൈലിയും പദ്യപാരായണവുമൊക്കെ എല്ലായിടത്തും ഏകദേശം ഒരുപോലെയായിരുന്നു; അത് ആഫ്രിക്കയാകട്ടെ, ഏഷ്യയാകട്ടെ, യൂറോപ്പാകട്ടെ. ഈ ബന്ധവും ഐക്യവും ദൈവാനുഗ്രഹത്താല്‍ ജമാഅത്തില്‍ നിത്യേന വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞുപോയ മഹാത്മാക്കളുടെ ഇവിടുത്തെ തര്‍ബിയ്യത്തിനെക്കുറിച്ച് ഞാന്‍ പറയുകയായിരുന്നു. ചെന്നൈ പട്ടണത്തില്‍ അല്ലെങ്കില്‍ ആ പ്രദേശത്ത് അഹ്മദിയ്യത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തില്‍ത്തന്നെ എത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 16 സ്വഹാബാക്കള്‍ ഇവിടെയുണ്ടായിരുന്നതായി ചരിത്രത്തില്‍നിന്ന് മനസ്സിലാകുന്നു. അവരുടെ മക്കളും തലമുറകളും അഹ്മദിയ്യത്തില്‍ ഇപ്പോഴും നിലനിന്നുവരുന്നു. പുതിയ അഹ്മദികളും ഇവിടെയുണ്ട്. മൗണ്ട് തോമസില്‍ നിര്‍മ്മിച്ച പള്ളിയെക്കുറിച്ച് ഞാന്‍ പറഞ്ഞു. ആ സ്ഥലത്തിനും മതപരമായ ചരിത്രമുണ്ട്. ഇവിടുത്തെ ക്രൈസ്തവ ചരിത്രമനുസരിച്ച് ഈസാ(അ)ന്റെ അപ്പോസ്തലനായ തോമാസ് ക്രി. 52-ല്‍ ഈ പ്രദേശത്ത് വന്നിരുന്നു. കേരളത്തിലൂടെയാണ് അദ്ദേഹം ഇവിടെയെത്തിയത്. ഒരു ചെറിയ പര്‍വ്വതപ്രദേശമാണിത്. ഇതിനെ മൗണ്ട് തോമാ എന്നു പറയുന്നു. ഇവിടെയൊരു ചര്‍ച്ചുമുണ്ട്. 15,16 വര്‍ഷം അദ്ദേഹം ഇവിടെ താമസിച്ചു. ഇവിടെവെച്ചുതന്നെ ഏതോ ഒരു ശത്രു അദ്ദേഹത്തെ വധിക്കുകയും ചെയ്തു. ഇവിടെത്തന്നെ മറയടക്കിയെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ ശരീരം വത്തിക്കാനിലേക്ക് കൊണ്ടുപോയി. അപ്പോസ്തലനായ തോമാസ് ഇവിടെ വന്നതിന്റെ ഉദ്ദേശ്യം ഇസ്രായീലിലെ കാണാതെ പോയ ആളുകളെ അന്വേഷിച്ചുകണ്ടെത്തി അവര്‍ക്ക് യേശുവിന്റെ സന്ദേശം എത്തിക്കുകയായിരുന്നുവെന്ന് മനസ്സിലാകുന്നു. അപ്പോസ്തലനായ തോമാസിനെക്കുറിച്ച് പറയപ്പെടുന്നത് അദ്ദേഹം യേശുവിന്റെ കുരിശുസംഭവത്തിനുശേഷം ആ ആത്മാവിനോടൊപ്പം യാത്ര ചെയ്തുവെന്നാണ്. അദ്ദേഹം ഏകദൈവവിശ്വാസിയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എഴുതിയിട്ടുണ്ട്. ബറാഹീനെ അഹ്മദിയ്യാ 5-ാം ഭാഗത്ത് പറയുന്നു: ചില അപ്പോസ്തലന്മാര്‍ ഇന്ത്യാരാജ്യത്ത് വന്നിരുന്നുവെന്ന് ക്രിസ്ത്യാനികളും വിശ്വസിക്കുന്നുണ്ട്. അപ്പോസ്തലനായ തോമായുടെ മദ്രാസിലെ ആഗമനവും ഇന്നേവരെ അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് അവിടെ നടത്തുന്ന സമ്മേളനങ്ങളും ഈ സംഭവമറിയുന്ന ആരില്‍നിന്നും മറഞ്ഞതല്ല. ഇതിനു പുറമേ 'മല്‍ഫൂസാത്തില്‍' തോമാ അപ്പോസ്തലന്‍ എന്ന പേരിലും ആ മഹാത്മാവ് പറഞ്ഞിട്ടുണ്ട്. ഒരിടത്ത് പറഞ്ഞു: എപ്രകാരം നബി(സ) തിരുമേനി ഹിജ്റത്തിന്റെ നേരത്ത് അബൂബ

ക്കറുമായി മാത്രം പുറപ്പെട്ടിരുന്നുവോ അപ്രകാരം ഹദ്റത്ത് ഈസാ (അ)യും ഹിജ്റത്തിന്റെ നേരത്ത് അപ്പോസ്തലനായ തോമായോടൊപ്പം പുറപ്പെട്ടിരുന്നു. ജനങ്ങൾക്ക് തങ്ങളുടെ കാര്യം കൂടുതൽ മനസ്സിലാകരുതെന്നതായിരുന്നു അതിനുള്ള കാരണം. വളരെ സൂക്ഷ്മതയോടെ യാത്ര ചെയ്ത് അങ്ങനെ അവർ കശ്മീരിലെത്തി.

കേരളത്തിലെ യഹൂദികളുടെ ചരിത്രത്തെക്കുറിച്ച് പറയട്ടെ. ഇവിടെ യഹൂദികൾ വളരെ മുമ്പേവന്ന് താമസിച്ചിരുന്നു. അവരെ തബ്ലീഗ് ചെയ്യുന്നതിന് യേശുവിന്റെ അപ്പോസ്തലന്മാർ ഇവിടെ വരേണ്ടത് അത്യാവശ്യമായിരുന്നു. ഈസാ(അ) കൊണ്ടുവന്ന സന്ദേശം സ്വീകരിക്കുന്നതിൽനിന്ന് അവർ പിന്തള്ളപ്പെട്ടുകൂടല്ലോ. എന്തായാലും പറഞ്ഞതിന്റെ ഉദ്ദേശ്യം, ഈ പട്ടണം പുരാതനമായ മതചരിത്രം ഉൾക്കൊള്ളുന്നുവെന്നതാണ്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഹമ്മദീമസീഹിന്റെ അപ്പോസ്തലന്മാർ മുഖേന, ആ മഹാത്മാവിന്റെ സഹാബിമാർ മുഖേന ഈ പ്രദേശത്ത് അഹ്മദിയ്യത്ത് വന്നു. അതും ദൈവാനുഗ്രഹത്താൽ അഭിവൃദ്ധിപ്പെട്ടുവരുന്നു. ഭാവിതലമുറയും വിശ്വാസത്തിലും ആത്മാർത്ഥതയിലും അഭിവൃദ്ധിപ്പെടുന്നു. ഈസാമസീഹിന്റെ അപ്പോസ്തലൻ തന്റെ താമസസ്ഥലമാക്കിയ അതേസ്ഥലത്തുതന്നെ മസ്ജിദ് നിർമ്മിക്കാനുള്ള സൗഭാഗ്യം ഈ വർഷം ജമാഅത്തിനു ലഭിച്ചു. ഇവിടെനിന്നാണ് ക്രിസ്തുമതം വ്യാപിച്ചത്. ഞാൻ പറഞ്ഞതുപോലെ ഇവിടെയൊരു ചർച്ചുണ്ട്. ആ മസ്ജിദിന്റെ അനുഗ്രഹംകൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ മുഹമ്മദീമസീഹിന്റെ സന്ദേശത്തെ ആ പ്രദേശത്ത് പ്രചരിപ്പിക്കാൻ അല്ലാഹു ഇപ്പോൾ അഹ്മദികൾക്ക് ഭാഗ്യം നല്കുന്നു. അവരുടെ ഈ സൗഭാഗ്യം വർദ്ധിച്ചുകൊണ്ടേപോകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. കാരണം ഇക്കാലത്ത് അവരുടെ മോക്ഷം, ആ നിരർത്ഥകമായ വിശ്വാസമുപേക്ഷിച്ച് നബി(സ)യുടെ ദാസത്വം സ്വീകരിക്കുന്നതിലാണ്. മനുഷ്യനെ ദൈവമാക്കി വെക്കുന്നതിനു പകരം ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിലാണ്. ഇതാണ് ചെന്നൈയുടെ ഹ്രസ്വമായ ചരിത്രം. ഇവിടെനിന്ന് ഞാൻ പറഞ്ഞതുപോലെ കോഴിക്കോട്ടേക്കുള്ള യാത്രയായിരുന്നു. തോമാസ് ആദ്യം വന്ന പട്ടണമാണിത്. കാരണം ഇവിടെയായിരുന്നു യഹൂദികൾ കൂടുതലായി താമസിച്ചിരുന്നത്. ഇവർ മലബാരി യഹൂദികൾ എന്ന് പറയപ്പെട്ടിരുന്നു. ഹദ്റത്ത് സുലൈമാൻ(അ)ന്റെ കാലംമുതലേ കച്ചവടസംഘങ്ങൾ ഇവിടെ വരാറുണ്ടായിരുന്നുവെന്ന് ഇവരുടെ ചരിത്രവും പറയുന്നു. അവരോടൊപ്പം യഹൂദികളും ഇവിടെ വന്നിട്ടുണ്ടാകും. എന്തായാലും തോമാസ് ഇവിടെ വരികയും യഹൂദികൾക്ക് ക്രിസ്തുമതത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. അധികമാളുകളും അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം മുഖേന ക്രിസ്തുമതം സ്വീകരിച്ചവർ ആ നാട്ടിൽ അറിയപ്പെടുന്നത് നസ്രാണി എന്നാണ്. അവർ ഇപ്പോഴും ഏകദൈവ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണ്. ഇതാണ് ആ നാട്ടിലെ യഹൂദികളുടെ ചരിത്രം. ഇവിടെ ഹിന്ദുക്കളാണ് ഭൂരിപക്ഷവും. മുസ്ലിംകളും ധാരാളമുണ്ട്. പക്ഷേ, സകലരും അവിടെ ഇടപഴകി ജീവിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് വർഗ്ഗീയകലാപമുണ്ടായാൽതന്നെയും കേരളക്കാർക്ക് അതുമായി ഒരു ബന്ധവുമുണ്ടാവുകയില്ല.

എനിക്കോർമ്മയുണ്ട്, ഘാനയിൽ കേരളക്കാരനായ ഒരു സുഹൃത്ത് ഞങ്ങൾക്കുണ്ടായിരുന്നു. ഞാൻ ഓഫീസിൽ പോയപ്പോൾ അവിടെ അദ്ദേഹവുമുണ്ടായിരുന്നു. ഒരു ഘാനക്കാരൻ അവിടെ വന്നു. അദ്ദേഹം എന്നോട് നിങ്ങൾ ഇന്ത്യനാണോ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു അല്ല, പാക്കിസ്ഥാനിയാണ്. പാക്കിസ്ഥാനിയും ഇന്ത്യനും തമ്മിൽ എന്താണ് വ്യത്യാസമെന്ന് അയാൾ ചോദിച്ചു. എന്നേക്കാൾ മുമ്പേ അവിടെ എത്തിയിരുന്ന കേരളത്തിലെ ക്രിസ്ത്യൻ, “ഞങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും ഭൂമിശാസ്ത്രപരമായ വ്യത്യാസമേയുള്ളൂവെന്നും” പറഞ്ഞു. എന്തായാലും അവരുടെ ചിന്താഗതി വളരെ നല്ലതാണ്. വിഭാഗീയത ഉണ്ടാക്കാൻ അവരാഗ്രഹിക്കുന്നില്ല. സഹനശക്തി ഇവരിൽ വളരെ കൂടുതലുണ്ട്. അറേബ്യയിൽനിന്ന് വാണിജ്യസംഘങ്ങൾ ഇവിടെ എത്താറുണ്ടായിരുന്നു. അവർ മുഖേനയാണ് ഇസ്ലാം ഇവിടെ എത്തിയത്. വാണിജ്യസംഘത്തോടൊപ്പം ഹദ്റത്ത് മാലിക് ബിൻ ദീനാർ, ഖിലാഫത്തെ റാശിദായുടെ കാലഘട്ടത്തിൽ ഇവിടെവന്നു. അറബികളായ 12 കച്ചവടക്കാരും അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു. അക്കാലഘട്ടത്തിൽ അവിടുത്തെ രാജാവ് പെരുമാൾ ഇസ്ലാം സ്വീകരിച്ചു. ആദ്യം ഇസ്ലാമിനെക്കുറിച്ച് അദ്ദേഹം പഠിച്ചു. പിന്നീട് ഇസ്ലാം സത്യമാണെന്ന് മനസ്സിലാക്കി അത് സ്വീകരിക്കുകയും ചെയ്തു. അതേ കച്ചവടസംഘത്തോടൊപ്പം അദ്ദേഹം മക്കയിലും പോയി. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം മനസ്സിലാക്കിയും ദിവ്യാത്ഭുതങ്ങൾ കണ്ടുമായിരുന്നു രാജാവ് ഇസ്ലാം സ്വീകരിച്ചിരുന്നത്. ഈ സ്ഥലത്ത് ഒരു രാജാവ് ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുണ്ട്. പേരിൽ അല്പം വ്യത്യാസം കാണാം. അക്കാലത്തെ പേരും ഇപ്പോൾ ഇവർ പറയുന്ന പേരും തമ്മിലുള്ള വ്യത്യാസമാകാം അത്. അവിടുത്തെ രാജാവ് മുസ്ലിമായി എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അവിടെ പിന്നീട് ഇസ്ലാം വ്യാപിച്ചു. എന്നല്ല തങ്ങളും ആ രാജാവിന്റെ സന്താനപരമ്പരയിൽപെട്ടതാണെന്ന് അവിടുത്തെ ഒരു അഹ്മദി കുടുംബം എന്നോട് പറയുകയുണ്ടായി. ആ രാജാവിൽ പല ഗുണങ്ങളും ഉണ്ടായിരുന്നു. വരും കാലത്തെ തലമുറയ്ക്കുവേണ്ടി അദ്ദേഹം അക്കാലത്ത് പ്രാർത്ഥിച്ചിട്ടുമുണ്ടാകും. അല്ലാഹുതആല ഭാവിതലമുറയിലെ ഒരു വിഭാഗത്തിന് അഹ്മദിയ്യാ ജമാഅത്ത് സ്വീകരിക്കാനും തൗഫീഖ് നല്കി. ഞാൻ മുമ്പേ ഒരു ഖുത്ബയിൽ പറഞ്ഞതുപോലെ കേരളത്തിൽ ഏകദേശം നൂറുശതമാനവും സാക്ഷരരാണ്. മറ്റു രാജ്യങ്ങളിൽ ഇതിന്റെ തോത് വളരെ കുറവാണ്. മുസ്ലിംകളിലാണെങ്കിൽ ഇല്ലാത്തതിനു തുല്യവും. എന്നാൽ, കേരള മുസ്ലിംകളിൽ 90%ത്തിലേറെ സാക്ഷരരാണ്. എല്ലാ വലിയ മതങ്ങളേയും ഉൾക്കൊണ്ടിട്ടുള്ള പ്രദേശമാണിത്. വിദ്യാസമ്പന്നരായ തെളിമയാർന്ന ചിന്താഗതിക്കാരും

ഇവിടെയുണ്ട്. സഹനശീലരും ഇവരിൽ വളരെയധികമാണ്. അഹ്മദിയ്യത്തിന്റെ ശരിയായ പ്രബോധനവും ശരിയായനിലയിലും തുടർച്ചയായ പരിശ്രമവുമുണ്ടെങ്കിൽ അഹ്മദിയ്യത്തിന് അത് ഫലസമൃദ്ധമായ മണ്ണായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മറ്റുള്ളിടങ്ങളിൽ ചില മുസ്ലിം സംഘടനകൾ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും രീതി സ്വീകരിച്ചിട്ടുള്ളതുപോലെ ഇവിടെയും പരിശ്രമം നടക്കുന്നുണ്ട്. എന്നാൽ, പൊതുവെ ജനങ്ങൾ ഇക്കാര്യത്തിന് എതിരാണ്. ഇതില്ലാതാക്കാനും അവർ ആഗ്രഹിക്കുന്നു. എതിർക്കുന്ന ആളുകൾ ഇവിടെയുമുണ്ട്. ഞാൻ അവിടെ ചെല്ലുമ്പോൾ അത്തരക്കാർ തെറ്റായ രീതിയിൽ പ്രതികരിക്കാനും ഇടയുണ്ടായിരുന്നു. പക്ഷേ, ഫിത്നയുണ്ടാക്കാൻ ആഗ്രഹിക്കുകയോ അല്ലെങ്കിൽ ഭീകരവാദികളിൽ പെടുകയോ ചെയ്തിട്ടുള്ള അത്തരം സംഘത്തെക്കുറിച്ച് ഒന്ന് രണ്ട് മാസം മുമ്പേ അറിയാൻ കഴിഞ്ഞുവെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സർക്കാർ അവരെ തടഞ്ഞുവെന്നും എന്നോട് പറഞ്ഞു. എന്തായാലും അല്ലാഹു അനുഗ്രഹം ചൊരിയുകയുണ്ടായി. നമ്മുടെ പര്യടനത്തിന്നിടയിൽ ഒരിടത്തുനിന്നും എതിർപ്പിന്റെ ശബ്ദം ഉയർന്നില്ല. എന്നല്ല, നമ്മുടെ എതിരിൽ പ്രവർത്തിക്കുന്നവരുടെ പത്രങ്ങളിലും അങ്ങേയറ്റം മാന്യമായ രീതിയിൽ ഞാൻ അവിടെ ചെന്നതിനെക്കുറിച്ച് വാർത്ത പ്രസിദ്ധീകരിച്ചുവെന്ന് അവിടുത്തെ ഒരു  അഹ്മദി ജേർണലിസ്റ്റ് എനിക്കെഴുതുകയുണ്ടായി. നമ്മുടെ ജമാഅത്തിയായ പരിപാടികളും നല്ല നിലയിൽ നടന്നുകൊണ്ടിരുന്നു. ഒരു അഹ്മദി സ്നേഹിതന്റെ വീട്ടിലാണ് ഞാൻ അവിടെ താമസിച്ചിരുന്നത്. അവിടെനിന്ന് പള്ളിയിലേക്ക് 20 മിനുട്ട് ദൂരമുണ്ടായിരുന്നു. നമ്മുടെ പള്ളിയും നഗരത്തിന്റെ ഒത്ത നടുവിലാണ്. എന്നല്ല നമ്മുടെ റിസപ്ഷൻ പരിപാടി നടന്നപ്പോൾ അവിടെ പുറത്തുള്ള അതിഥികളും വന്നിരുന്നു. അവരിൽ ഒരു രാഷ്ട്രീയ നേതാവ് പറഞ്ഞത് നിങ്ങളുടെ പള്ളി നഗരത്തിന്റെ ഹൃദയത്തിലാണെന്നാണ്. വലിയ കേന്ദ്ര സ്ഥലത്താണ് ഈ പള്ളി നിലകൊള്ളുന്നത്. ഇൻശാഅല്ലാഹ്  നഗരഹൃദയത്തിലെ നമ്മുടെ ഈ പള്ളിയിൽനിന്ന് സ്നേഹത്തിന്റെ സന്ദേശം പ്രചരിക്കും. അത് ഹൃദയങ്ങളെ  അതിജയിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ നമ്മെ വളരെയേറെ സഹായിച്ചു. ഒരു അഹ്മദി പോലീസ് ഓഫീസറെ നമുക്ക് തന്നു. അദ്ദേഹം തന്റെ സംഘത്തോടൊപ്പം വന്നിരുന്നു. പൊതുവെ ജനങ്ങളുടെ സഹകരണവും വളരെ നല്ലതായിരുന്നു. നിത്യവും രണ്ടുതവണ പള്ളിയിൽ പോയിട്ടും ജനങ്ങൾ വിഷമിക്കുമെന്ന് പറയുകയോ അവരെ ഒരു ഭാഗത്ത് തടുത്തുനിറുത്തുകയോ ഉണ്ടായില്ല. ചിലപ്പോൾ സ്വയം ട്രാഫിക്ക് തടസ്സമുണ്ടായിരുന്നു. സ്വന്തം താല്പര്യത്തോടെ ആളുകൾ വഴി ഒഴിച്ചുതന്നിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്, ഈ മണ്ണിൽനിന്ന് ശരിയായ നിലയിൽ ഫലമുണ്ടാക്കാൻ അഹ്മദികൾ ശ്രമിക്കണമെന്ന്.

കോഴിക്കോട്ടിലേയും അതിന്റെ ചുറ്റുപാടിലുമുള്ള ജമാഅത്തുകളിലേയും അഹ്മദികളുമായി കൂടിക്കാഴ്ച നടന്നു. ആയിരക്കണക്കിന് അഹ്മദികൾ അവിടെ എത്തിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരുമായും കൂടിക്കാഴ്ചക്ക് തൗഫീഖ് കിട്ടി. ഈ കൂടിക്കാഴ്ചയുടെ ഇടയിലും ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും കാണിച്ച ബന്ധത്തിന്റേയും വിശ്വാസ്യതയുടേയും പ്രകടനവും അത്ഭുതകരമായിരുന്നു. ആത്മാർത്ഥതയിലും വിശ്വാസ്യതയിലും ഇവർ വളരെ വളർന്നുകഴിഞ്ഞിട്ടുള്ളവരാണ്. കുറച്ചുവർഷം മുമ്പേ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നവരാണ് പലരും. പക്ഷേ ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും അവർ വളരെ വളർന്നുകഴിഞ്ഞിരിക്കുന്നു. അവർ ജമാഅത്തിന്റെ നിസാമുമായി ഇഴുകിച്ചേർന്നു. എത്രത്തോളമെന്നാൽ, അവർ പുതിയതായി ബയ്അത്ത് ചെയ്തവരാണോ പഴയ അഹ്മദികളാണോ എന്ന് തിരിച്ചറിയാൻ കഴിയില്ല. സേവനത്തിൽ അവർ മുമ്പിലാണ്. പലരും ജമാഅത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാരവാഹികളാണ്. വളരെ നല്ല രീതിയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ നിസാം മനസ്സിലാക്കുന്നതിനും തങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ആവർത്തിച്ചാവർത്തിച്ച് അവർ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു; തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടിയായിരുന്നു അത്. ഇത്തരം പുതിയ അഹ്മദികൾ എല്ലായിടത്തുമുണ്ടാകേണ്ടതാണ്. ബയ്അത്ത് ചെയ്യുന്നതുകൊണ്ട് മാത്രം ഒരു കാര്യവുമില്ല. എണ്ണം വർദ്ധിപ്പിക്കുകയെന്നതല്ല തന്റെ ഉദ്ദേശ്യമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം പറഞ്ഞിട്ടുണ്ട്. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവർ ഉണ്ടാകേണ്ടതാണ്. ജമാഅത്തിന് ഫലപ്രദമായിട്ടുള്ള പക്വമായ ബയ്അത്ത് നടത്താൻ മറ്റു ലോകരോടും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലുള്ള ജമാഅത്തുകളോടും ഞാൻ പറയുകയാണ്. അത് ജമാഅത്തിന് ആരോഗ്യം പ്രദാനം ചെയ്യുന്നതായിരിക്കണം. അതിന്റെ ഉള്ളിൽനിന്ന് പിന്നീട് എല്ലാ തരത്തിലും ഫലം കായ്ക്കുന്ന മരങ്ങളുണ്ടാകണം. കളഞ്ഞുപോയ ബയ്അത്തുകളെ തേടിപ്പിടിക്കുക എന്ന് ഞാൻ പറയുമ്പോൾ അതിനോടൊപ്പം സ്വന്തം നേട്ടം മാത്രം കാണുകയും തർബിയ്യത്തിന്റെ കുറവുകൊണ്ട് നഷ്ടപ്പെട്ടുപോവുകയും ചെ യ്യുന്ന ബയ്അത്ത് കൊണ്ടുവരരുതെന്നുള്ള സന്ദേശവും അതിലടങ്ങുന്നുണ്ട്. അവരുടെ ഉദാഹരണം പറവകളുടേതാണെങ്കിൽ ഖുർആൻ പറഞ്ഞ فَصُرْهُنَّ إِلَيْكَ അതായത് അവരെ നിങ്ങളോടൊപ്പം ഇണക്കുക. (2:261)ثُمَّ ادْعُهُنَّ يَأْتِينَكَ سَعْيًا പിന്നീട് അവയെ നിന്നിലേക്ക് വിളിക്കുക എന്നാൽ, അവ നിന്റെയടുക്കലേക്ക് ഓടിവരുന്നതാണ്. അത്തരം അഹ്മദികളാണ് നമുക്ക് വേണ്ടത്; ജമാഅത്തിന്റെ പ്രവർത്തനത്തിനായി ഒരു ഒഴികഴിവും പറയാതെ തങ്ങളെ സമർപ്പിക്കുന്നവർ. ജമാഅത്തിൽ പ്രവേശിച്ചയുടനെ അവർ നിസാമുമായി ഇഴുകിച്ചേരണം. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ, തബ്‌ലീഗ് ചെയ്യുന്നവർ സ്വാർത്ഥതയിൽ നിന്ന് സ്വതന്ത്രരായി തബ്‌ലീഗ് ചെയ്യാത്തിടത്തോളം أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ(14:25) അവരുടെ ഈമാന്റെ സ്ഥാനം

ശക്തമാണ്. അവരുടെ ശാഖകൾ ആകാശത്തേക്ക് വളരുന്നു എന്ന മാതൃകയിൽ സ്വയം നിലനില്ക്കാത്തിടത്തോളം ഇത് സാധ്യമല്ല. ലോകത്തെ സംബന്ധിച്ച് അവർക്കൊരു ഭയവുമില്ല. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി അവർ പ്രവർത്തിക്കാറില്ല. മറിച്ച് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കും അവരുടെ പ്രവർത്തനം. ഇങ്ങനെയാകുമ്പോഴാണ് പുതിയതായി വരുന്നവരും ജമാഅത്തിന്റെ നിസാമിൽ ശരിയായ നിലയിൽ കോർക്കപ്പെടുന്നത്. ജമാഅത്തീ നിസാം പുതിയതായി വരുന്നവരെ സ്വീകരിക്കുകയും അവരെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെയുണ്ടാകുന്നില്ലെങ്കിൽ ഞാൻ പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടുള്ള അതേ അവസ്ഥ തന്നെയായിരിക്കും സംഭവിക്കുക. അതായത്, ചില ബയ്അത്തുകളെ സംബന്ധിച്ച് അറിയാനേ കഴിയുന്നില്ല. ഇക്കാര്യം ഞാൻ അനുബന്ധമായി പറഞ്ഞുവെന്നേയുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ച് മറ്റൊരവസരത്തിൽ പരാമർശിക്കുന്നതാണ്.

ഈ മാതൃക എനിക്ക് ദക്ഷിണേന്ത്യയിൽ കാണാൻ കഴിഞ്ഞു. പുതിയതായി ചേർന്നുകൊണ്ടും ത്യാഗങ്ങളിൽ പങ്കെടുക്കുന്ന ആളുകളാണിവർ. പള്ളി നിർമ്മാണങ്ങളിൽ പങ്കെടുക്കുന്നവരാണിവർ. നഗരത്തിന്റെ ഹൃദയത്തിലുള്ളതെന്ന് ഞാൻ പറഞ്ഞ ഈ പള്ളി വലിയ വിലപിടിപ്പുള്ള സ്ഥലത്താണ് നിലകൊള്ളുന്നത്. ഇതിനോട് ചേർന്ന് കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഒരു പ്ലോട്ടുണ്ട്. ഇത് വാങ്ങാൻ അവർ കേന്ദ്രത്തിന് അപേക്ഷ കൊടുത്തിരുന്നു. സ്വന്തം നിലയിൽ വാങ്ങുക എന്ന് ഞാൻ അവരോട് പറഞ്ഞു. ഇതിനെക്കുറിച്ച് അവർ ചിന്തിക്കുകയായിരുന്നു. പക്ഷേ, ഞാൻ പോയതോടുകൂടി ദൈവാനുഗ്രഹത്താൽ അവരിൽ ആവേശവും ഉത്സാഹവുമുണ്ടായി. അവർ ഉറച്ചതീരുമാനമെടുത്തു. ഒരുപാട് പണവും സംഘടിപ്പിച്ചു. ഇപ്പോൾ അവർ സ്വയം തന്നെ അത് വാങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നല്ല ഈ പ്ലോട്ടിൽ വലിയ പങ്കുള്ള ഒരു അഹ്മദി അതിന്റെ വില താൻ വാങ്ങുകയില്ലെന്നും പറയുകയുണ്ടായി. ഇപ്രകാരം തന്നെ മറ്റുള്ളവരും വലിയ സാമ്പത്തികത്യാഗം ചെയ്തു. ഇങ്ങനെ ഞാൻ സംസാരിച്ചുകൊണ്ടിരുന്ന ചില മിനുട്ടുകൾക്കുള്ളിൽതന്നെ സാമ്പത്തികശേഷിയുള്ള അവിടുത്തെ അംഗങ്ങൾ ആ സ്ഥലം വാങ്ങാമെന്ന് വാഗ്ദാനം ചെയ്തു. ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ അഭിവൃദ്ധിപ്പെടുന്നവരാണിവർ. അല്ലാഹു പുതിയ അഹ്മദികൾക്കും പഴയ അഹ്മദികൾക്കും യഥാർത്ഥ ഇസ്‌ലാമിനെ എത്തിക്കുന്നവരും ഈ മനോഹരമായ അധ്യാപനങ്ങൾ തങ്ങളിൽ നടപ്പാക്കുന്നവരും യഥാർത്ഥ ത്യാഗത്തിന്റെ ആത്മാവ് മനസ്സിലാക്കുന്നവരും ആയിത്തീരാൻ തൗഫീഖ് നല്കുമാറാകട്ടെ.

കോഴിക്കോട്ട്, ലജ്നയുടെ ഒരു ഇജ്തിമാഉം ചെറുതായി നടന്നു. നാസിറാത്തും ലജ്നയുമടങ്ങുന്ന നാലായിരത്തോളം അംഗങ്ങൾ ഇതിൽ പങ്കെടുത്തിരുന്നു. യു.കെയിലെ ഇജ്തിമായേക്കാൾ കൂടുതലായിത്തോന്നി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന് വലിയ സ്വാധീനമുണ്ടായി. ഓരോ സ്ത്രീയുടേയും ഓരോ പെൺകുട്ടിയുടേയും മുഖത്ത്, പ്രവർത്തിക്കുന്നതിനുള്ള ഒരു പുതിയ ദൃഢനിശ്ചയവും ഉത്സാഹവും കാണാമായിരുന്നു. അവർ പ്രകടിപ്പിച്ചിരുന്നതുപോലെ അവരുടെ പരിപാടികളും ഇനി പലയിരട്ടി വർദ്ധിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളത്തിലെ ലജ്ന ഭാരതത്തിലെ മുൻനിരയിൽ നില്ക്കുന്ന ലജ്ന സംഘടനയാണ്. പക്ഷേ, ഇപ്പോൾ എനിക്ക് തോന്നുന്നത് എല്ലാവരേയും മറികടന്ന് ഇവർ മുന്നോട്ടു കുതിക്കുമെന്നാണ്. ഇന്ത്യയിലെ മറ്റു ലജ്ന മജ്‌ലിസുകളും ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നുണ്ടാകും. ഈ കാര്യങ്ങൾ കേട്ട് അവരിലും ആവേശമുണ്ടായിത്തീരാനും പ്രവർത്തനരംഗത്ത് മാത്സര്യത്തിന്റെ ആത്മാവുണ്ടാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജുമുഅ ഖുത്ബ മിക്കവരും കേട്ടതാണ്. അവിടെ നിന്ന് ആദ്യമായിട്ടാണ് എം.ടി.എ മുഖേന ഖുത്ബ സംപ്രേഷണം ചെയ്തത്. ആയിരക്കണക്കിന് അഹ്മദികൾ അവിടെ എത്തിയിരുന്നു. ഒരു ഹോട്ടലിൽ ജമാഅത്ത് റിസപ്ഷൻ സംഘടിപ്പിച്ചിരുന്നു. സർക്കാരുദ്യോഗസ്ഥന്മാരും വിദ്യാസമ്പന്നരുമായ ധാരാളം ആളുകൾ അതിൽ പങ്കെടുത്തു. മേയറും സന്നിഹിതനായിരുന്നു. അദ്ദേഹം ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ മനോഹരമായ അധ്യാപനത്തെക്കുറിച്ചും വളരെ നല്ല നിലയിൽ സംസാരിക്കുകയുണ്ടായി. ചിലപ്പോൾ ചിലയാളുകൾ ഒരു ചടങ്ങെന്ന നിലയിൽ കാര്യങ്ങൾ പ്രകടിപ്പിക്കാറുണ്ട്. പക്ഷേ, പിന്നീട് എന്നെ കണ്ട ചിലയാളുകൾ കാര്യങ്ങൾ വ്യക്തമായും ദൃഢമായും പ്രകടിപ്പിക്കുന്നത് കണ്ടപ്പോൾ അവർക്ക് എല്ലാ സംഗതികളും ഇഷ്ടപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലായി. പത്രങ്ങളിലും നല്ലനിലയിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇത്തരം പരിപാടികളിലൂടെ വിദ്യാസമ്പന്നരായ ആളുകളിൽ ഇസ്‌ലാമിന്റെ അധ്യാപനം എത്തിപ്പെടാറുണ്ട്. അതിനു പുറമെ പത്രങ്ങൾ അത്തരം വാർത്തകൾ നല്കി. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണത്തിൽ വലിയതോതിൽ എത്തിക്കുകയും ചെയ്യുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനത്തെക്കുറിച്ചും ലോകം അറിയുന്നു.

മലയാളഭാഷയിലെ ഏറ്റവും വലിയ പത്രമായ മാതൃഭൂമിയുടെ ചീഫ് എഡിറ്റർ ഗോപാൽകൃഷ്ണൻ കോഴിക്കോട് ഞാനുമായി ഇന്റർവ്യൂ നടത്തുകയുണ്ടായി. അതിന്റെ വാർത്ത പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ പത്രത്തിന്റെ വായനക്കാരുടെ എണ്ണം ഒന്നരക്കോടിയിലേറെയാണ്. അദ്ദേഹം മതപരമായും ലോകപരമായുമുള്ള വിവിധ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. നല്ല അഭിപ്രായവുമായിട്ടാണ് പോയത്. പക്ഷേ, എല്ലാ നല്ല കാര്യങ്ങളും തങ്ങളിൽ മാത്രം ഒതുക്കിനിറുത്താൻ ചിലർ ആഗ്രഹിക്കാറുണ്ട്. തങ്ങളുടേതിൽ മാത്രമാണ് നന്മയുള്ളതെന്ന് അവർ കരുതുന്നു. ഇവർ വിദ്യാസമ്പന്നരാണ്. വിശുദ്ധഖുർആന്റെ തർജമ വായിച്ചും അവർ അറിവ് നേടിയിട്ടുണ്ട്. നബി(സ)യുടെ ജീവിതത്തെ സംബന്ധിച്ച് കോളമെഴുത്തുകാർ പത്രങ്ങളിൽ എഴുതുന്ന കാര്യങ്ങളും അവർ വായിക്കുന്നു. എല്ലാ കാര്യങ്ങളും കേട്ടതിനുശേഷം ഞങ്ങളുടെ സംസാരം ഏതാണ്ട് അവസാനിച്ചപ്പോൾ എന്നോട്, "അങ്ങ് ഗാന്ധിജിയിൽ വളരെ ആകർഷിതനാണെന്ന് അങ്ങയുടെ സംസാരത്തിൽ നിന്ന്

തോന്നുന്നു" എന്ന് ശാന്തവും ആർദ്രവുമായ നിലയിൽ അദ്ദേഹം പറഞ്ഞു. ഞാൻ ഉടനെ അദ്ദേഹത്തോട് പറഞ്ഞു: "ഞാൻ ഗാന്ധിജിയിൽ ആകർഷിതനൊന്നുമല്ല. ഞാൻ പരിശുദ്ധഖുർആന്റെ അധ്യാപനത്തിലാണ് ആകർഷിതനായിട്ടുള്ളത്; നബി(സ) തിരുമേനിക്കിറങ്ങിയ അധ്യാപനങ്ങളിലാണ് ആകർഷിതനായിട്ടുള്ളത്. അതിന്റെ വെളിച്ചത്തിലാണ് ഞാൻ അങ്ങയോട് സംസാരിച്ചത്".

എല്ലാ നല്ല കാര്യങ്ങളും തങ്ങളുടേതാക്കുക എന്നത് ചിലരുടെയെങ്കിലും ശീലമാണ്. എന്തായാലും നല്ല അന്തരീക്ഷത്തിൽ അദ്ദേഹവുമായി സംസാരം നടന്നു. അതെല്ലാം പത്രത്തിൽ എഴുതിയെന്നത് അവരുടെ മാന്യതയാണ്.

കോഴിക്കോട്ടുനിന്ന് മറ്റൊരു നഗരമായ കൊച്ചിയിലേക്ക് ഞങ്ങൾ പോയി. ഇവിടേയും നല്ല ജമാഅത്തുകളാണുള്ളത്. ചെറിയ ചെറിയ ജമാഅത്തുകൾ അവിടെ സംഘടിച്ചിരുന്നു. അവിടെ അവർ പുതിയ പള്ളികൾ നിർമ്മിച്ചിട്ടുണ്ട്. അതുപോലെതന്നെ അതിന് സമീപപ്രദേശങ്ങളിലും മൂന്ന് നാല് പള്ളികൾ നിർമ്മിച്ചിരുന്നു. അവിടെയുള്ളവരെല്ലാം ഒരു സ്ഥലത്ത് സംഘടിച്ചു. അവിടെ വെച്ച് ഔപചാരികമായ നിലയിൽ പള്ളികളുടെ ഉദ്ഘാടനവും നടന്നു. ജനവാസമുള്ള സ്ഥലത്താണ് നമ്മുടെ പള്ളി നിർമ്മിച്ചിട്ടുള്ളത്. ക്രിസ്ത്യാനികളും ഹിന്ദുക്കളുമാണ് അയൽപക്കത്ത് വസിക്കുന്നത്. അവർ വളരെ തുറന്ന ഹൃദയത്തോടെ ഞങ്ങളോട് പെരുമാറി. ഞാൻ പള്ളിയുടെ ഉദ്ഘാടനത്തിനായി ചെല്ലുമെന്ന് അറിഞ്ഞപ്പോൾ പരിസരങ്ങളെല്ലാം വൃത്തിയുള്ളതാക്കാൻ വേണ്ടുന്നതായ പ്രവർത്തനങ്ങൾ അവരും ചെയ്തു. ഈ പള്ളി നഗരത്തിനുള്ളിലാണെന്ന് ഞാൻ പറയുകയുണ്ടായി. പക്ഷേ, വരാനും പോകാനും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഏർപ്പാട് ചെയ്തിട്ടുണ്ടായിരുന്നു. ജനങ്ങളുടെ സഹകരണവും നല്ലതായിരുന്നു. ഇതിനുപുറമെ മറ്റ് നാല് പള്ളികളും നിർമ്മിച്ചിരുന്നതായി ഞാൻ പറഞ്ഞുവല്ലോ. അവിടെ പോകാൻ കഴിഞ്ഞില്ല. നിർബന്ധിതാവസ്ഥ അവരോട് പറഞ്ഞപ്പോൾ അതിയായ ആഗ്രഹമുണ്ടായിട്ടും അവർ അത് മനസ്സിലാക്കി. തുറന്ന ഹൃദയത്തോടെ ഒരു പിടിവാശിയുമില്ലാതെ അത് സ്വീകരിക്കുകയും ചെയ്തു. കുറച്ചുനേരത്തേക്ക് അവരുടെ മുഖത്ത് മ്ലാനതയുണ്ടായി എന്നത് ശരിതന്നെ. പക്ഷേ, എങ്കിലും അങ്ങയുടെ തീരുമാനത്തിലാണ് അനുഗ്രഹമെന്ന് അവർ പറഞ്ഞു.

ഇവിടേയും ആത്മാർത്ഥതയും കൂറും പുലർത്തുന്ന ജമാഅത്തുകളാണുള്ളത്. കൊച്ചി വളരെ വലിയ പട്ടണമാണ്. അവിടുത്തെ ഒരു ദേശീയ പത്രമാണ് 'ദ ഹിന്ദു'. അതിന്റെ ചീഫ് റിപ്പോർട്ടറും ഇന്റർവ്യൂ നടത്തിയിരുന്നു. ഇന്ത്യയിലെ എല്ലാ വൻപട്ടണങ്ങളിലും ഈ പത്രം പ്രചാരത്തിലുണ്ട്. ഇതിന്റെ സർക്കുലേഷനും കോടിക്കണക്കിനാണ്. പിന്നീടുള്ളത് 'ഇന്ത്യൻ എക്സ്പ്രസ്സാ'കുന്നു. ഇതും എല്ലാ വൻപട്ടണങ്ങളിൽനിന്നും പ്രസിദ്ധീകരിച്ചു വരുന്നു. ഇതിന്റെ സർക്കുലേഷനും കോടിക്കണക്കിനാണ്. ഇതിന്റെ ഒരു പ്രതിനിധിയും താല്പര്യം കാണിച്ച് ഇന്റർവ്യൂ നടത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെക്കുറിച്ചും അഹ്മദിയ്യത്തും മറ്റു മുസ്ലിംകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും അതുപോലെ മറ്റു വിഷയങ്ങളെക്കുറിച്ചും ഇസ്ലാമിന്റെ ശാന്തിയുടെ പാഠത്തെക്കുറിച്ചും സംസാരിച്ചു. ഇന്റർവ്യൂ അല്പ സമയമാണ് നടന്നിരുന്നതെങ്കിലും ഈ പത്രപ്രവർത്തകൻ ഒന്നരമണിക്കൂറോളം ഞാനുമായി സംസാരിച്ചുകൊണ്ടിരുന്നു. ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിലൂടെയും വിശാലമായ രീതിയിൽ ആ പ്രദേശത്ത് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തി.

റിസപ്ഷൻ പരിപാടിയിൽ രണ്ടിടത്തും ചില എം.പിമാരും മറ്റു വിദ്യാസമ്പന്നരും പങ്കെടുത്തിരുന്നു; പ്രൊഫസർമാരും, ഇഞ്ചിനിയർമാരും മറ്റും. നിങ്ങൾ ഇസ്ലാമിന്റെ പാഠങ്ങൾ വിവരിക്കുന്നത് കാണുമ്പോൾ ലോകത്ത് സമാധാനം സ്ഥാപിക്കാൻ നിങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ എന്ന പ്രതീക്ഷയാണ് തങ്ങൾക്കുള്ളതെന്ന് എന്നോട് മിക്കവരും പറഞ്ഞു. എന്നല്ല, ഒരു ക്രിസ്ത്യൻ സ്കോളർ അദ്ദേഹത്തിന്റെ അഭിപ്രായം പിന്നീട് എഴുതിത്തരികയും ചെയ്തു. എന്തായാലും അവർക്ക് അവരുടേതായ ഒരു ശൈലിയുണ്ട്. അവർ പറഞ്ഞതിന്റെ ചുരുക്കം ലോകത്ത് ധർമ്മം സ്ഥാപിക്കുന്നതിന് നമുക്കേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ എന്നായിരുന്നു. പൊതുവെ വളരെ നല്ലതും ഫലസമൃദ്ധവുമായ പര്യടനമായിരുന്നു. ഇതു മുഖേന ശിക്ഷണപരമായി അഹ്മദികൾക്ക് വലിയ നേട്ടമുണ്ടായി. കുട്ടികൾക്കും വലിയവർക്കും ജമാഅത്തുമായിട്ടുള്ള ബന്ധം ശക്തമായി. ഇപ്പോൾ കത്തുകൾ ലഭിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിൽ നിന്ന് അവിടുത്തെ ജമാഅത്തുകളിൽ ഒരു പുതിയ ആത്മാവ് ഊതപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാകുന്നു. അഹ്മദിയ്യത്തിന്റെ സന്ദേശം കോടികളിലോളം എങ്ങനെയാണ് എത്തിയതെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അത് സാധാരണനിലയിൽ എത്തുമായിരുന്നില്ല. പര്യടനം കൊണ്ട് തബ്ലീഗിനുള്ള പുതിയ വഴിയും തുറക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുകയുണ്ടായി. ഖലീഫയുടെ പര്യടനം തബ്ലീഗ് ചെയ്യുന്നതിനു വേണ്ടിയുള്ളതല്ല. അങ്ങനെ ചിന്തിക്കയുമരുത്. മറിച്ച്, ഏത് പ്രദേശത്താണോ പര്യടനം നടത്തുന്നത് ആ പ്രദേശത്തെക്കുറിച്ച് മനസ്സിലാക്കി അവിടെ യുക്തിപരമായ നിലയിൽ പ്രബോധനപ്രവർത്തനം നടത്തുന്നതിനും അത് വിശാലമാക്കുന്നതിനും പുതിയ നടപടികളെ സംബന്ധിച്ച് ചിന്തിക്കുന്നതിനും വേണ്ടിയാണ്. ഇക്കാരണത്താൽ തബ്ലീഗിന്റെ ചില സംഭവങ്ങളും ലഭിക്കാറുണ്ട്. പ്രബോധനപ്രവർത്തനം തുടർച്ചയായിട്ടുള്ള ഒരു പ്രവർത്തിയാണ്. അതവിടെ വസിക്കുന്നവർക്കേ തുടർച്ചയായും നല്ല നിലയിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതാണ് യാഥാർത്ഥ്യവും. പര്യടനം നടത്തുന്ന സ്ഥലത്തെ അവസ്ഥകൾ നേരിട്ട് അറിയുന്നതുകൊണ്ട് മുബല്ലിഗുമാരും ജമാഅത്തും പുതിയ ചില രീതികൾ സ്വായത്തമാക്കേണ്ടതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കാനും അവസരം ലഭിക്കുന്നു. കൂടിയാലോചനകൾ നടത്തുന്നു. യുക്തിപരമായ നിലയിൽ പ്രവർത്തിക്കുന്നതിനും ശ്രദ്ധയുണ്ടാകുന്നു. പര്യടനംകൊണ്ട് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ വേഗം കൂടുന്നു. തബ്ലീഗിന്റെ പ്രാധാന്യം ജമാഅത്തുകൾ മനസ്സിലാക്കുകയും

ചെയ്യുന്നു. കുറച്ചുനാളെങ്കിലും തീർച്ചയായും ആവേശം നിലനില്ക്കുന്നു. എന്നാൽ, ആ പ്രദേശത്തെക്കുറിച്ച് അറിവൊന്നുമില്ലെങ്കിൽ അവിടെനിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകളെ മാത്രം വിശ്വസിക്കേണ്ടതായി വരുന്നു.

മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതിനു പുറമേ മറ്റൊരു നേട്ടവുമുണ്ട്. പര്യടനത്തിന്റെ ഫലമായി ഇക്കാലത്ത് മാധ്യമങ്ങളിലൂടെ അനുകൂലമായോ പ്രതികൂലമായോ ജമാഅത്തിലേക്ക് ജനശ്രദ്ധയുണ്ടാകുന്നു എന്നതാണത്. ഇക്കാരണത്താൽ ജമാഅത്തംഗങ്ങൾക്കും ജമാഅത്തിനും കുറച്ചൊക്കെ വേഗം കൂട്ടേണ്ടതായിവരുന്നു. ഉറങ്ങിക്കിടക്കുന്ന അഹ്‌മദികൾക്കും അലസരായ ജമാഅത്തുകൾക്കും അന്യർ കാരണത്താൽ ഉണരേണ്ടിവരുന്നു. ഞാൻ പറഞ്ഞതുപോലെ കോടിക്കണക്കിന് വായനക്കാരുള്ള പത്രങ്ങളിലാണ് ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് വാർത്ത വന്നിട്ടുള്ളത്. ഇനി ജമാഅത്ത് അതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. പര്യടനം തങ്ങളെ അനുകൂലമോ പ്രതികൂലമോ ആയ പ്രതികരണം പ്രകടിപ്പിച്ച് ഉണർത്തു കയോ അല്ലെങ്കിൽ നിശബ്ദരാക്കുകയോ ചെയ്യും. പ്രതികരണമുണ്ടായാൽ തന്നെ പ്രശ്നം സ്വയം തണുക്കുന്നതായിരിക്കും എന്ന് പ്രതീക്ഷിച്ചിരിക്കരുത്. അവിടുത്തെ ജമാഅത്തുകൾ ഈ അവസരത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. സന്ദേശമെത്തിക്കുന്നതിലൂടെ, തബ്‌ലീഗ് ചെയ്യുന്നതിലൂടെ എന്ത് പ്രതികരണമുണ്ടായാലും നിങ്ങളുടെ ഉള്ളിൽ ഉണ്ടായിരിക്കുന്ന ആവേശത്തെ തണുക്കാനനുവദിക്കരുത്. എതിർപ്പുണ്ടാവുകയാണെങ്കിൽ, കേൾക്കാൻ തയ്യാറുള്ള മാന്യന്മാരും ഉണ്ട്. സംഘടിതമായ രീതിയിൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്ന ആരെങ്കിലും മുന്നിൽ വരണമെന്ന് ലോകജനത ആഗ്രഹിക്കുന്നു. അതുകൊണ്ട് അഹ്‌മദികൾ തങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ പ്രവർത്തിയിൽ വേഗവും വിശാലതയും കൂട്ടാൻ ശ്രമിക്കേണ്ടതാണ്.

ദക്ഷിണേന്ത്യയിലെ ആ പ്രദേശത്തെ ചരിത്രം മതവുമായി ബന്ധപ്പെട്ടതാണ്. ശരിയായ പദ്ധതി ആസൂത്രണം ചെയ്ത് പ്രബോധന പ്രവർത്തിക്ക് ആക്കം കൂട്ടിയാൽ ഇൻശാഅല്ലാഹ് അത് നല്ല ഫലം തരുന്നതാണ്. മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരുടെ പ്രവർത്തി ഇതുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ആ മാർഗ്ഗത്തിലൂടെ നിങ്ങൾ നടക്കുക. സ്നേഹത്തോടും സന്തോഷത്തോടും ശാന്തതയോടുംകൂടി ആ സന്ദേശം എല്ലാ ഓരോരുത്തരിലുമെത്തിക്കുക; ഏത് രീതിയിൽ എത്തിക്കാനാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിച്ചത് ആ രീതിയിൽതന്നെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് എത്തിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് ആ മഹാത്മാവു തന്നെ പറയുന്നു: സാധാരണക്കാരുടെ ചെവിവരെ ഒരിക്കൽ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുക. കാരണം പൊതുജനങ്ങളിൽ ഒരു വലിയ വിഭാഗം അസൂയയും അഹങ്കാരവും ഇല്ലാത്തവരാണ്. മൗലവിമാർ പറയുന്നതുകേട്ട് മാത്രമാണ് അവർ സത്യത്തിൽനിന്ന് അകന്നിരിക്കുന്നത്. ആ മഹാത്മാവ് പറയുന്നു ലോകത്ത് മൂന്നുതരത്തിലുള്ള ആളുകളുണ്ട്. സാധാരണക്കാർ, മദ്ധ്യമനിലക്കാർ, സമ്പന്നർ. സാധാരണക്കാർ പൊതുവെ ചിന്താശക്തി കുറഞ്ഞവരാണ്. അവരുടെ ധാരണ തടിച്ചതുമായിരിക്കും. അതുകൊണ്ട് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത് വളരെ ദുഷ്കരമാണ്. സമ്പന്നർക്കും മനസ്സിലാക്കിക്കൊടുക്കാൻ പ്രയാസമാണ്. കാരണം അവർ മൃദുലസ്വഭാവക്കാരാണ്. പെട്ടെന്ന് പരിഭ്രമിച്ചുപോകുന്നു. അവരുടെ അഹങ്കാരവും അഹന്തയും വഴിയിൽ വീണ്ടും തടസ്സമായി നില്ക്കുന്നു. അതുകൊണ്ട് അവരുമായി സംസാരിക്കുന്നവർ അവരുടേതായ രീതിയിൽ സംസാരിക്കുക. അതായത് സംക്ഷിപ്തമായി, എന്നാൽ, ഉദ്ദേശ്യം പൂർണ്ണമായും അടങ്ങുന്ന പ്രസംഗമായിരിക്കണം. അതായത്, ***കല്ല വദല്ല*** വാക്കുകൾ കുറച്ചും തെളിവുകളോടുംകൂടിയും സംസാരിക്കുക. എന്നാൽ, സാധാരണജനങ്ങളെ തബ്‌ലീഗ് ചെയ്യുന്നതിന് പ്രസംഗം വളരെ ലളിതവും വ്യക്തവുമായിരിക്കേണ്ടതാണ്. മദ്ധ്യമനിലയിലുള്ള ആളുകൾ അധികവും തബ്‌ലീഗിന്നർഹരാണ്. അവർ കാര്യങ്ങൾ മനസ്സിലാക്കുന്നവരാണ്. സമ്പന്നരിലുണ്ടാകുന്ന പൊങ്ങച്ചമോ അഹങ്കാരമോ അഹന്തയോ ഒന്നും അവരിലുണ്ടാവുകയില്ല." അതുകൊണ്ട് അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിച്ചുകൊടുക്കുക എന്നത് പ്രയാസകരമായിരിക്കുകയില്ല.

ഈ മദ്ധ്യമനിലക്കാരായ ആളുകൾ ആ പ്രദേശത്ത് ധാരാളമുണ്ട്. കാര്യങ്ങൾ കേൾക്കുന്നതിൽ മൗലവിമാരെ ഭയപ്പെടുന്നതിൽനിന്ന് ഈ പ്രദേശം ഇന്നേവരെ പരിശുദ്ധമാണ്. കാര്യങ്ങൾ കേൾക്കാൻ അവിടുത്തെ ക്രിസ്ത്യാനികളും സന്നദ്ധരാണ്. പാക്കിസ്ഥാനിലെ മദ്ധ്യമനിലക്കാരായ ആളുകൾ ഒന്നും കേൾക്കാൻ ആഗ്രഹിക്കുന്നില്ല. കേൾക്കുകയാണെങ്കിൽ മൗലവി കുഫ്ർ ഫത്‌വ നല്കിക്കളയുമോ എന്ന ഭീതിയിലാണ് അവരുള്ളത്.

എന്നാൽ, ഇവിടെ ചില സ്ഥലങ്ങളിൽ അത്തരം അവസ്ഥയില്ല. ഏതെല്ലാം സ്ഥലങ്ങളാണോ ശുഭവും അനുയോജ്യവുമായിട്ടുള്ളത് അവിടെ ഈ സന്ദേശം പ്രചരിപ്പിക്കാൻ അവർ ശ്രമിക്കേണ്ടതാണ്. കാരണം മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരുടെ ജോലി ഇതാണ്. യുക്തിയോടുകൂടി, മൂസവി മസീഹിനെ വിശ്വസിക്കുന്നവർക്കും അല്ലാഹുവിലേക്കുള്ള ശരിയായ വഴി കാണിച്ചുകൊടുക്കുക. മറ്റു മുസ്‌ലിംകൾക്കും ശരിയായ വഴി കാണിച്ചുകൊടുക്കുക. അല്ലാഹു എല്ലാവർക്കും ആത്മാർത്ഥതയോടും വിശ്വാസ്യതയോടുംകൂടി ഈ പ്രവർത്തി ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ പ്രവർത്തനങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. യുക്തിപൂർവ്വകമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ ശ്രദ്ധയുണ്ടാകുമാറാകട്ടെ. ഈ രീതിയിൽ നാം ലോകത്തിന് മോക്ഷം വാങ്ങി കൊടുക്കുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 12.12.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala